**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2959** **25-06-2024 - ൽ മറുപടിയ്ക്ക്**

**കല്ലായിപ്പുഴയിലെ ചെളി നീക്കം ചെയ്യുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കല്ലായിപ്പുഴയുടെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന ചെളി നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ കല്ലായ് പുഴയിൽ കടുപ്പിനി മുതൽ കോതി വരെയുള്ള 4.20 കി.മി ദൂരത്തിൽ അടിഞ്ഞുകൂടിയിട്ടുളള ചെളിയും മണ്ണും നീക്കം ചെയ്ത് പുഴയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനായി “Desilting of Kallai River from Kaduppini to Kothi in Kozhikode Corporation’ എന്ന പ്രവൃത്തിക്ക് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ നിന്ന് 790 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയുമുണ്ടായി. ആദ്യതവണ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് റീ ടെണ്ടർ ചെയ്യുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (എസ്റ്റിമേറ്റിനേക്കാൾ 34.39% അധികനിരക്ക്) ടെണ്ടർ അംഗീകരിക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിക്കുകയും വീണ്ടും റീ ടെണ്ടർ ചെയ്യുന്നതിന് സർക്കാർ ഉത്തരവാകുകയും ചെയ്തു. തുടർന്ന് 4 തവണയായി ചെയ്ത ടെണ്ടറുകളിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് അഞ്ചാം തവണ ടെണ്ടർ ചെയ്യുകയും പ്രസ്തുത കരാറുകാരൻ 217.11% അധിക നിരക്ക് quote ചെയ്തതിനെ തുടർന്ന് ടെണ്ടർ നിരസിക്കുകയും തുടർന്ന് 2024 ജനുവരി മാസം ആറാം തവണ ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ( എസ്റ്റിമേറ്റിനേക്കാൾ 56.33% അധിക നിരക്ക്) ടെണ്ടർ അംഗീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക്<br><br>ലഭ്യമായിട്ടുമുണ്ട്. പ്രസ്തുത പ്രവർത്തിയ്ക്കാവശ്യമായ അധിക തുക സംബന്ധിച്ച് കോഴിക്കോട് കോർപറേഷനിൽ നിന്നും ഉറപ്പ് ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | മഴ ശക്തമാകുമ്പോൾ പുഴയുടെ തീരത്ത് താമസിക്കുന്നവർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | മഴ ശക്തമാകുമ്പോൾ കരയിടിച്ചിൽ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ലഭ്യമാവുന്ന ഫണ്ടുകൾ ഉപയോഗപ്പെടുത്തി തീരങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ കല്ലായി പുഴയോട് ചേരുന്ന ഇ കെ കനാലിന്റെ ഒഴുക്കിന് തടസ്സം സൃഷ്ടിക്കുന്ന കുളവാഴ നീക്കം ചെയ്യുന്നതിനായുള്ള 20 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നാതാണ്. |

സെക്ഷൻ ഓഫീസർ